ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.8811/ബി1-എസ്റ്റാ/2018/എൻ.സി.സി

22 മെയ് 2018

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്/
എൻ.സി.സി യൂണിറ്റുകൾ

സർ,

വിഷയം: ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി നിയന്ത്രണം - 2018- സ്ഥാപനതല ശുചീകരണം - സംബന്ധിച്ച്.

സൂചന: ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിന്റെ കത്ത് നമ്പർ.1021928/എഫ്2/16/ ആരോഗ്യം തീയതി 14.05.2018.

സൂചന കത്ത് പ്രകാരം താങ്കളുടെ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലും, കീഴിലുമുള്ള എല്ലാ എൻ.സി.സി യൂണിറ്റുകളുടെ പരിസര പ്രദേശത്തും വെള്ളം കെട്ടി നിന്ന് കൊതുക് വളരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നത് ഒഴിവാക്കുവാൻ എല്ലാ ജീവനക്കാരെയും ചുമതലപ്പെടുത്തണമെന്നും ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ആഴ്ചയിലൊരിക്കൽ (എല്ലാ ശനിയാഴ്ചയും) താങ്കളുടെ ഓഫീസിൽ ഡ്രൈ ഡേ ആയി ആചരിക്കുവാനും അങ്ങനെ കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഷാനി എസ്.ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ഉള്ളടക്കം : സൂചന കത്ത്

<u>പകർപ്പ്:-</u>

ഐ.റ്റി സെക്ഷൻ

FAX

**കേരള സർക്കാർ**

നം.1021928/എഫ്2/16/ആരോഗ്യം

ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്
തിരുവനന്തപുരം, തീയതി. 14/05/2018

അഡീഷണൽ ചീഫ് സെക്രട്ടറി

**എല്ലാ വകുപ്പ് മേധാവികൾക്കും**

സർ/മാഡം,

വിഷയം :- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി നിയന്ത്രണം - 2018 – സ്ഥാപന തല ശുചീകരണം - 19/05/2018 – സംബന്ധിച്ച്

2018-ലെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവരം താങ്കൾ അറിഞ്ഞിരിക്കുമല്ലോ. പ്രധാന പകർച്ചവ്യാധികളായ കൊതുകുജന്യ രോഗങ്ങളും ജലജന്യരോഗങ്ങളും മഴക്കാലത്താണ് പൊട്ടിപ്പുറപ്പെടുന്നത്. ഇതിനെ പ്രതിരോധിക്കുവാനായി മഴക്കാലപൂർവ്വ ശുചീകരണം ഏപ്രിൽ, മെയ് മാസങ്ങളിലായി ആരോഗ്യവകുപ്പ്, ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലകളിൽ നടന്നു വരികയാണ്.

2018 മെയ് 16 ദേശീയ ഡെങ്കിപ്പനി വിരുദ്ധ ദിനമായി രാജ്യമുട്ടനീളം ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി 5 ദിവസം നീണ്ടുനിൽക്കുന്ന ഊർജ്ജിത കൊതുക് ഉറവിട നശീകരണ ക്യാമ്പയിൻ മെയ് 16 മുതൽ 20 വരെ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മെയ് 19 – ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ശുചിത്വ സ്ക്വാഡ്/ആരോഗ്യസേനാംഗങ്ങൾ എല്ലാ സ്ഥാപനങ്ങളും സന്ദർശിച്ച് കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ അവസരത്തിൽ താങ്കളുടെ സ്ഥാപനത്തിനുള്ളിലും പരിസര പ്രദേശത്തും വെള്ളം കെട്ടിനിന്ന് കൊതുക് വളരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നത് ഒഴിവാക്കുവാൻ എല്ലാ ജീവനക്കാരെയും ചുമതലപ്പെടുത്തണമെന്നും ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ മേൽനോട്ട ചുമതല ഏൽപിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ആഴ്ചയിലൊരിക്കൽ (എല്ലാ ശനിയാഴ്ചയും) താങ്കളുടെ ഓഫീസിൽ ഡ്രൈഡേ ആയി ആചരിക്കുവാനും അങ്ങനെ കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കി ഡെങ്കിപ്പനി, മലമ്പനി മുതലായ മാരകമായ കൊതുകുജന്യ രോഗങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
**രാജീവ് സദാനന്ദൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

16/5 B, 4156